**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3369** **26-06-2024 - ൽ മറുപടിയ്ക്ക്**

**സ്കൂൾ പി.റ്റി.എ.യുടെ കർത്തവ്യങ്ങളും ചുമതലകളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പി.റ്റി.എ.യുടെ ഘടന വിശദമാക്കാമോ; | (എ) | അതത് അക്കാദമിക വർഷം പഠനം നടത്തുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളും പി.ടി.എ ജനറൽ ബോഡിയിൽ അംഗങ്ങളായിരിക്കും. പി.ടി.എ ജനറൽ ബോഡിയിൽ നിന്ന് നേരിട്ട് തെരെഞ്ഞെടുത്തവരായിരിക്കും എക്സിക്യൂട്ടീവ് കമ്മിറ്റി. ഇതിന്റെ അഗസംഖ്യ ഏറ്റവും കുറഞ്ഞത് 15 ഉം ഏറ്റവും കൂടിയത് 21 ഉം ആയിരിക്കും. ഇതിലെ രക്ഷിതാക്കളുടെ എണ്ണം അധ്യാപകരുടെ എണ്ണത്തേക്കാൾ ഒന്ന് കൂടുതൽ ആയിരിക്കും. പി.ടി.എ എക്സിക്യൂട്ടീവിലേയ്ക്ക് രക്ഷിതാക്കളെയും അധ്യാപകരെയും തിരഞ്ഞെടുക്കുമ്പോൾ സ്കൂളിലെ പ്രൈമറി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങളുടെ പ്രാധിനിധ്യം ഉറപ്പാക്കണം. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കാലാവധി, തെരെഞ്ഞെടുക്കപ്പെട്ടതുമുതൽ തൊട്ടടുത്ത വർഷത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തെരെഞ്ഞെടുപ്പ് നടക്കുന്ന ദിവസം വരെ ആയിരിക്കും. |
| (ബി) | സ്കൂൾ പി.റ്റി.എ.യുടെ കർത്തവ്യങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ ; | (ബി) | കുട്ടികളുടെ നന്മക്കായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം വളർത്തിയെടുക്കുക. കുട്ടികളുടെ ഉന്നമനത്തിനായി സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾമെച്ചപ്പെടുത്തുന്നതിനായി ശ്രമിക്കുക, സ്കൂളുകളിൽ സാസ്കാരിക പരിപാടികൾ, സെമിനാർ, അധ്യയനവുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനു മുൻകൈ എടുക്കുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള സ്കീമുകൾ നടപ്പിലാക്കുക എന്നിവ പി.ടി.എ യുടെ ചുമതലകളിലും കർത്തവ്യങ്ങളിലും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്ന ഉത്തരവുകളിലും സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 25.06.2007 ലെ സ.ഉ.(കയ്യെഴുത്ത്) നം. 126/2007/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.09.2022 -ലെ ഡി.ജി.ഇ/11055/2022/എച്ച്1 നം. പരിപത്രം.<br><br>പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 18.07.2007 ലെ സ.ഉ.(കയ്യെഴുത്ത്) നം. 142/2007/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 23.09.2014 ലെ സ.ഉ.(കയ്യെഴുത്ത്) നം. 196/2014/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.05.2018 -ലെ എച്ച്1/22573/2017/ഡി.പി.ഐ നം. സർക്കുലർ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.04.2021 -ലെ എച്ച്1/6578/2020/ഡി.ജി.ഇ നം. സർക്കുലർ |
| (സി) | ഇതുമായി ബന്ധപ്പെട്ട് ഏറ്റവുമൊടുവിൽ പരിഷ്കരിച്ച് പുറത്തിറക്കിയ ഉത്തരവുകളോ സർക്കുലറുകളോ ഉണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | കുട്ടികളുടെ നന്മക്കായി അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണം വളർത്തിയെടുക്കുക. കുട്ടികളുടെ ഉന്നമനത്തിനായി സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ശ്രമിക്കുക, സ്കൂളുകളിൽ സാംസ്കാരിക പരിപാടികൾ, സെമിനാർ, അധ്യയനവുമായി ബന്ധപ്പെട്ട സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിനു മുൻകൈ എടുക്കുക സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവരെ സഹായിക്കുന്നതിനുമുള്ള സ്കീമുകൾ നടപ്പിലാക്കുക എന്നിവ പി.ടി.എ യുടെ ചുമതലകളിലും കർത്തവ്യങ്ങളിലും ഉൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ താഴെ സൂചിപ്പിക്കുന്ന ഉത്തരവുകളിലും സർക്കുലറുകളിലും വ്യക്തമാക്കിയിട്ടുണ്ട്.<br><br>പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 25.06.2007 ലെ സ.ഉ.(കയ്യെഴുത്ത്) നം. 126/2007/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15.09.2022 -ലെ ഡി.ജി.ഇ/11055/2022/എച്ച്1 നം. പരിപത്രം.<br><br>പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 18.07.2007 ലെ സ.ഉ.(കയ്യെഴുത്ത്) നം. 142/2007/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ(റ്റി) വകുപ്പിലെ 23.09.2014 ലെ സ.ഉ.(കയ്യെഴുത്ത്) നം. 196/2014/പൊ.വി.വ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.05.2018 -ലെ എച്ച്1/22573/2017/ഡി.പി.ഐ നം. സർക്കുലർ<br><br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.04.2021 -ലെ എച്ച്1/6578/2020/ഡി.ജി.ഇ നം. സർക്കുലർ |

സെക്ഷൻ ഓഫീസർ